<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815</u> <u>31-08-2022 - ൽ മറുപടിയ്ക്ക്</u>

<u>ഗ്രാമവണ്ടിപദ്ധതിയ്ക്കായുള്ള സഹായങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ച ഗ്രാമവണ്ടി പദ്ധതിക്ക് പ്രസ്തുത കോർപ്പറേഷൻ നൽകുന്ന സഹായങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ട എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായ പ്രഖ്യാപിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ട സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് അനുമതി നൽകി സ.ഉ (സാധാ) നം. 704/2022/LSGD, തീയതി 22.3.2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ് പ്രസ്തുത ഗ്രാമവണ്ടി പദ്ധതിയ്ക്ക കെ.എസ്.ആർ.ടി.സി. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ്, ആവശ്യമെങ്കിൽ പാർക്കിംഗ്, ജീവനക്കാരുടെ സ്റ്റേ സൗകര്യം എന്നിവ ഉൾപ്പെടെ ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും വഹിക്കും.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ തുക ലഭ്യമാക്കണം.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | 3. കെ.എസ്.ആർ.ടി.സി. പമ്പിൽ നിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിയ്ക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയാൽ മതിയാകും.<br><br>4. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിൽ അധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. |
| (സി) | പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിൽ നിന്നും അപേക്ഷ ലഭ്യമാകുകയും അഡ്വാൻസ് തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ